# പതിമൂന്നാം കേരള നിയമസഭ
## മൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 867 08.03.12 ൽ -മറുപടിക്ക്

## ബി. പി. എൽ. റേഷൻ കാർഡ് ലഭിച്ചിട്ടുള്ള സർക്കാർ ഉദ്യോഗസ്ഥർ

### ചോദ്യം

ശ്രീ. വി. ശിവൻകുട്ടി

ബി.പി.എൽ. വിഭാഗത്തിലുള്ള റേഷൻ കാർഡ് നിലവിൽ കൈവശം വച്ചിരുന്നവരും, ആയത് ഇപ്പോൾ മടക്കി കൊടുത്തവരും, നാളിതുവരെ മടക്കി സമർപ്പിക്കാത്തവരും ആയ സർക്കാർ ഉദ്യോഗസ്ഥരുടെ വിശദമായ പട്ടിക ലഭ്യമാക്കുമോ ?

### ഉത്തരം

ശ്രീ.ഷിബു ബേബിജോൺ
(തൊഴിലും പുനരധിവാസവും ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

കാർഡ് പുതുക്കൽ സമയത്ത് കാർഡുടമകളുടെ സത്യപ്രസ്താവന പ്രകാരം സർക്കാരുദ്യോഗസ്ഥൻ എന്ന് അച്ചടിച്ചിട്ടുള്ള ബി.പി.എൽ കാർഡുകളുടെ എണ്ണം 23349 ആണ്. സർക്കാരുദ്യോഗസ്ഥന്മാരുൾപ്പെട്ട 29211 ബി.പി.എൽ, കാർഡുകൾ നാളിതുവരെ സറണ്ടർ ചെയ്ത് എ.പി. എൽ ആക്കി മാറ്റിയിട്ടുണ്ട്. സത്യപ്രസ്താവന പ്രകാരം സർക്കാർ ഉദ്യോഗസ്ഥൻ എന്ന് രേഖപ്പെടുത്തിയിട്ടുള്ള 14465 ബി.പി. എൽ കാർഡുകൾ എ.പി.എൽ ആക്കി മാറ്റുന്നതിന് സമർപ്പിക്കുവാനുണ്ട്. ഏറ്റവും പുതുക്കിയ പട്ടിക തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ